# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5041 06-02-2014-ൽ മറുപടിക്ക്.

### കള്ളുഷാപ്പുകളും മദ്യനയവും

**ചോദ്യം:**

ശ്രീ. എളമരം കരീം:

(എ) 2010-11 വർഷത്തിൽ പ്രവർത്തിച്ചിരുന്ന കള്ള് ഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) 2013-14 വർഷത്തിൽ പ്രവർത്തിച്ചുവരുന്ന കള്ള് ഷാപ്പുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) 2013-14 വർഷത്തെ മദ്യനയം പ്രഖ്യാപിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ)-യും, (ബി) -യും

2010-11, 2013-14 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കള്ള്ഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 2010-11 വർഷം പ്രവർത്തിച്ചിരുന്ന കള്ള്ഷാപ്പുകളുടെ എണ്ണം | 2013-14 വർഷം പ്രവർത്തിച്ചിരുന്ന കള്ള് ഷാപ്പുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 105 | 5 |
| കൊല്ലം | 199 | 20 |
| പത്തനംതിട്ട | 96 | 50 |
| ആലപ്പുഴ | 529 | 512 |
| കോട്ടയം | 621 | 561 |
| എറണാകുളം | 638 | 539 |
| തൃശ്ശൂർ | 538 | 560 |
| ഇടുക്കി | 236 | 215 |
| പാലക്കാട് | 794 | 773 |
| കോഴിക്കോട് | 202 | 198 |
| മലപ്പുറം | 264 | 98 |
| വയനാട് | 53 | 53 |
| കണ്ണൂർ | 397 | 365 |
| കാസർഗോഡ് | 178 | 173 |
| ആകെ | 4850 | 4122 |

(സി) 2011-12 വർഷത്തെ മദ്യനയത്തിലെ വ്യവസ്ഥകളനുസരിച്ച്, വിദേശമദ്യ നിയമത്തിൽ വരുത്തിയ ചില ഭേദഗതികൾ ബഹു. കേരള ഹൈക്കോടതിയുടെ 27-07-2012-ലെ W.A.470/12 നമ്പർ കേസിലെ വിധിയനുസരിച്ച് റദ്ദാക്കിയതിനാൽ, 2011-12, 2012-13

എന്നീ വർഷങ്ങളിലെ മദ്യനയത്തിലെ ചില തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതിനാൽ 2013-14 വർഷത്തെ മദ്യനയം പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിന് റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ച് 23-01-2013-ലെ ജി.ഒ. (എംഎസ്) നം.12/2013/ നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ, റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് സമഗ്രമായ മദ്യനയം രൂപീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) 2014-15 വർഷത്തേക്ക് മദ്യനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) 2014-15 വർഷത്തേക്ക് മദ്യനയം പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ